## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*266** **06.10.2016 -ൽ മറുപടിക്ക്**

### <u>പാലങ്ങളുടെ കാലപ്പഴക്കം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കാരാട്ട് റസാഖ്**<br>**,, ജോർജ് എം. തോമസ്**<br>**,, കെ. ബാബു**<br>**,, ഒ. ആർ. കേളു** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) കാലപ്പഴക്കം വന്ന പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും ഇവയുടെ അപകടസ്ഥിതി സംബന്ധിച്ചും വിശദമാക്കുമോ; | (എ) & (ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് വിവരങ്ങൾ പരിശോധിച്ച് രേഖപ്പെടുത്താറുണ്ട്. പ്രസ്തുത രേഖകൾ പ്രകാരം ചെറുതും വലുതുമായി 1806 പാലങ്ങളാണ് ഈ വിഭാഗത്തിന്റെ അധീനതയിലുള്ളത്. കൂടാതെ കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും സർവ്വേ നടത്താൻ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം M/s SN Bhobe & Associates Pvt.Ltd ഉം ആയി കേന്ദ്ര സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ സർവ്വേ തീരുന്ന മുറയ്ക്ക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതോടൊപ്പം പൊതുമരാമത്ത് വകുപ്പിനും റിപ്പോർട്ട് കിട്ടുന്നതാണ്. ഈ പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും ആ പാലങ്ങളുടെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) ഇത്തരം പാലങ്ങളുടെ പുനർ നിർമ്മാണത്തിന് അടിയന്തരമായി ഫണ്ട് വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ? | (സി) ഇതിൽ 61 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമായി കണക്കാക്കപ്പെട്ടിട്ടുണ്ട്. വിവിധ പാലങ്ങളുടെ പുനർനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിയ്ക്കുന്നതനുസരിച്ച് ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**